# ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

# സഭ

## യൂണിറ്റ് B

## പഠനം 1. സഭയും സഭകളും

**വായിക്കുക: പ്രവൃത്തികൾ 9 :31, 11 :19 -26**

പേര്.............................................

**താക്കോൽവാക്യം:– 1 തിമൊഥെയൊസ് 3 :15**

**" സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു."**

സഭയുടെ വിശാലമായ തലത്തെക്കുറിച്ചാണ് യൂണിറ്റ് A യിൽ നാം ചിന്തിച്ചത്.അതായത് പെന്തക്കോസ്ത് ദിനം മുതൽ കർത്താവിന്റെ രണ്ടാം വരവ് വരെയുള്ള കാലഘട്ടത്തിലുള്ള മുഴുവൻ ക്രിസ്തീയ വിശ്വാസികളെക്കുറിച്ചാണ് നാം കണ്ടത് *(പ്രവൃത്തി 2)*

ഈ കാലയളവിൽ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവും ആയി സ്വീകരിച്ചവരുടെ കൂട്ടമാണ് സഭ. രാജ്യ, വർഗ്ഗ, വർണ്ണ, സാമുദായിക വിവേചനമില്ലാതെ "എല്ലാവരും ക്രിസ്തുവിൽ ഒന്നാണ്" *(ഗലാത്യർ 3 :28)* ഇങ്ങനെ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് സഭ എന്ന വാക്ക് വേദപുസ്തകത്തിൽ അനേക പ്രാവിശ്യം രേഖപ്പെടുത്തിയിട്ടുണ്ട്. *(വായിക്കുക എഫേസ്യർ 5 :25, കൊലോസ്യർ 1 :18)*

എന്നാൽ ചില സന്ദർഭങ്ങളിൽ "സഭ " എന്ന പദം വളരെ പരിമിതമായ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് "കൊരിന്തിലുള്ള ദൈവ സഭ" *(1 കൊരിന്ത്യർ 1 :2)* ഫിലേമോന്റെ വീട്ടിലുള്ള സഭ. *(ഫിലേമോൻ 1,2)* എന്നിങ്ങനെ ഉപയോഗിച്ചിരിക്കുന്നു. ഈ അർത്ഥത്തിൽ "സഭ" എന്ന പ്രയോഗം ഒരു സ്ഥലത്തുള്ള ക്രിസ്തീയ വിശ്വാസികളുടെ കൂട്ടത്തെ സൂചിപ്പിക്കുന്നു. "ഒരു സ്ഥലം" സഭ എന്ന നിലയിലും നാം ഈ സത്യത്തെ മനസ്സിലാക്കുന്നു.

പുതിയ നിയമത്തിൽ രണ്ട് തരത്തിലുള്ള ചിന്തകൾ കാണുന്നുണ്ട് :

1. "പൂർണ്ണമായ ഒരു സഭ," യൂണിറ്റ് A യിൽ നാം കണ്ടതുപോലുള്ള ഈ കാലഘട്ടത്തിലെ എല്ലാ സത്യവിശ്വാസികളും ചേർന്നുള്ള ഒരു സഭ.
2. അനേകം "സ്ഥലം സഭകൾ", ഒരു പ്രത്യേക സ്ഥലത്തുള്ള വിശ്വാസികൾ ഒരുമിച്ച് ദൈവത്തെ ആരാധിക്കുവാനും സുവിശേഷം പ്രഘോഷിക്കുവാനും വേണ്ടി സ്ഥാപിതമായ സഭകൾ.

ബൈബിളിൽ ഏത് അർത്ഥത്തിൽ ആണ് "സഭ " എന്ന പദം ഉപയോഗിച്ചിരിക്കുന്നത് എന്നുള്ളത് ആ സന്ദർഭം അല്ലെങ്കിൽ പശ്ചാത്തലം വായിച്ചാൽ നമുക്ക് മനസ്സിലാകും.അതായതു മുകളിലും താഴെയും ഉള്ള വാക്യങ്ങൾ ശ്രദ്ധിച്ചു വായിച്ചാൽ നമുക്ക് സഭയുടെ അർത്ഥം മനസിലാകും. സഭ എന്നുള്ളത് വിശ്വാസികൾ കൂടിവരുന്ന ഒരു കെട്ടിടം അല്ല. കൂടിവരുന്ന വിശ്വാസികളെ സൂചിപ്പിക്കാനാണ് എപ്പോഴും ബൈബളിൽ സഭ എന്ന വാക്ക് ഉപയോഗിച്ചിട്ടുള്ളത്.

ഒരു സ്ഥലത്തു കൂടിവരുന്ന വിശ്വാസികളെ സൂചിപ്പിക്കാനായി പുതിയ നിയമത്തിൽ പല തരത്തിലുള്ള പ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അവയിൽ ചിലതു നമുക്ക് ശ്രദ്ധിക്കാം.

1. "ദൈവ സഭകൾ" *(1കൊരിന്ത്യർ 11 :16, 1തെസ്സലോനിക്യർ 2: 14)* ദൈവ സഭകളുടെ ആത്മീയ നിലവാരം കാണിക്കുവാനാണ് ഈ വാക്യം ഉപയോഗിച്ചിരിക്കുന്നത്.
2. "ക്രിസ്തുവിന്റെ സഭകൾ" *(റോമർ 16 :16)* സഭ നമ്മുടെ ആരുടെയും അല്ല, സഭയുടെ അവകാശി ക്രിസ്തു മാത്രമാണെന്ന് ഇവിടെ വ്യക്തമാക്കുന്നു.
3. "വിശുദ്ധന്മാരുടെ സഭകൾ" *(1 കൊരിന്ത്യർ 14 :33)* ഒരു വിശ്വാസിയുടെ അംഗത്വത്തിന്റെ പ്രത്യേകത ആണ് ഇവിടെ വിവരിക്കുന്നത്. ഓരോ സ്ഥലം സഭയുടെയും അംഗങ്ങൾ ദൈവത്താൽ വിളിക്കപ്പെട്ടവരും, രക്ഷിക്കപ്പെട്ടവരും, ദൈവം വിശുദ്ധരാക്കിയവരും, "വിശുദ്ധി "യോടെ ജീവിക്കുവാൻ വിളിച്ചു വേർതിരിക്കപ്പെട്ടവരും" ആണ്.
4. മൂന്നാമത്തെ പ്രയോഗത്തോട് സാമ്യം ഉള്ളതാണ് അടുത്ത പദപ്രയോഗം. ഓരോ സ്ഥലം സഭയും "ദൈവത്തിന്റെ മന്ദിരം "ആണ്. *(1 കൊരിന്ത്യർ 3 :16)* വിശുദ്ധന്മാരുടെ കൂട്ടമാകുന്ന സ്ഥലം സഭ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ വാസ സ്ഥലം ആണ്. സഭയുടെ **വിശുദ്ധിയും നിർമ്മലതയും** ആണ് ഈ പദത്തിലൂടെ അർത്ഥമാക്കുന്നത്.

ഇന്ന് അനേക തരത്തിലുള്ള തെറ്റായ ചിന്തകളുടെ സ്വാധീനം മൂലം ഒരു പുതിയ വിശ്വാസിക്ക് യഥാർത്ഥ ആത്മീക ഭവനമായ സഭ കണ്ടെത്തുവാൻ വളരെ ബുദ്ധിമുട്ടാണ്.പുതിയ നിയമ സഭ വിശ്വസിച്ചതും പഠിപ്പിച്ചതും പ്രവൃത്തിച്ചതും എന്താണെന്നു നാം വിശദമായി മനസിലാക്കിയാൽ ഇന്ന് ഏതു സഭയാണ് വചനത്തോട് കൂടുതൽ അടുത്ത് നിൽക്കുന്നതെന്ന് മനസിലാക്കുവാൻ സാധിക്കും.

# ന്യൂലൈഫ് പ്രവൃത്തി പരിചയം



**1 ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന സഭയുടെ രണ്ട് തരത്തിലുള്ള അർത്ഥങ്ങൾ എന്താണെന്നു നിങ്ങളുടെ വാക്കുകളിൽ വിശദീകരിക്കുക.** ........................................ 2

..........................................................................................

**2 താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ സ്ഥലം സഭകളെ സൂചിപ്പിക്കാനും പൂർണ്ണമായ സഭയെ സൂചിപ്പിക്കാനും ഉള്ളതാണ്. അവ ഏതാണെന്നു വേർ തിരിച്ചെഴുതുക.** 4

*(1കൊരിന്ത്യർ 16 :19, എഫെസ്യർ 5 :25, മത്തായി16 :18, റോമർ 16 :5,*
*പ്രവൃത്തികൾ 9 :31, എഫെസ്യർ 3 :10,1തെസ്സലോനിക്യർ1:1, കൊലോസ്യർ 1 :8)*

സ്ഥലം സഭ..........................................................................................

പൂർണ്ണമായ സഭ..........................................................................................

**3 പതിനഞ്ചാം നൂറ്റാണ്ടിൽ ഒരു സഭയുടെ സ്ഥാനം ചന്തയിലെ പ്രധാനപെട്ട സ്ഥലത്തായിരുന്നു.** 2

A. ഇവിടെ സഭ ഏത് അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

..........................................................................................

B.സഭ എന്ന പദം ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം എങ്ങനെയാണ് ബൈബിളിന്റെ ഉപയോഗത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നത്.

..........................................................................................

**4 *ഫിലിപ്പിയർ 2 :15* വായിക്കുക സഭ ജ്യോതിസുകളെപ്പോലെ പ്രകാശിക്കണം എന്നാണ് ഇവിടെ എഴുതിയിക്കുന്നത്.** 4

A. എങ്ങനെ ആണ് സഭ ഈ ശുശ്രുഷ നിവൃത്തിക്കുന്നത്

..........................................................................................

B. വേദപുസ്തകാടിസ്ഥാനത്തിലുള്ള സഭയ്ക്ക് എങ്ങനെ ആണ് ഇന്ന് പ്രകാശിക്കുവാൻ കഴിയുക.ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

..........................................................................................

**5 താഴെ പറയുന്നവ ശരിയോ തെറ്റോ എഴുതുക.** 5

a. സത്യ സഭകൾ ക്രിസ്തുവിന്റെതാണ് ............

b. പുതിയ നിയമത്തിൽ ആദ്യകാല വിശ്വാസികൾ വിലപിടിപ്പുള്ള ആലയങ്ങൾ പണിതു. ............

c. വേദപുസ്തകത്തിൽ "സഭ" കെട്ടിടത്തിനല്ല വിശ്വാസികൾക്കാണ് പ്രാധാന്യം നൽകിയിരുന്നത് ............

d. 21-ാo നൂറ്റാണ്ടിലും അനുഗമിക്കുവാൻ കഴിയുന്ന മാതൃകകൾ ആയിരുന്നു പുതിയനിയമ സഭയുടേത്. ............

e. രക്ഷിക്കപെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും സഭയിൽ പൂർണ അംഗത്വം നൽകുവാൻ പുതിയ നിയമ സഭ പഠിപ്പിക്കുന്നു. ............

**6 "വിശുദ്ധന്മാരുടെ സഭകൾ"** *(1 കൊരിന്ത്യർ 14 :33)* 5

a. ആരാണ് വിശുദ്ധന്മാർ. ..........................................................................................

..........................................................................................

b. എങ്ങനെ ആണ് ഒരു വ്യക്തി വിശുദ്ധനായി തീരുന്നത്.? ..........................................................................................

..........................................................................................

c. ഒരു വിശുദ്ധന്റെ ഉത്തരവാദിത്വങ്ങളും കടമകളും എന്തൊക്കെയാണ്? ..........................................................................................

..........................................................................................

d. വിശുദ്ധനല്ലാത്ത ഒരു വ്യക്തിക്ക് ഒരു സഭയുടെ അംഗമായിരിക്കുവാൻ സാധിക്കുകയില്ല എന്തുകൊണ്ട്?

..........................................................................................

**7 ഇന്ന് അനേക സഭാ വിഭാഗങ്ങൾ ഉണ്ടാകുവാൻ എന്താണ് കാരണം? നിങ്ങളുടെ അഭിപ്രായം എഴുതുക.** 3

..........................................................................................

..........................................................................................

..........................................................................................

25

ആകെ മാർക്ക്

ന്യൂലൈഫ്
ബൈബിൾ പഠന കോഴ്സ്

സഭ

യൂണിറ്റ് B

## പഠനം 2. സഭയുടെ ഘടന

പേര്.............................................

വായിക്കുക: ഫിലിപ്പ്യർ 1 :1,1തിമൊഥെയൊസ്3 :1 13, തീത്തോസ് 1 :5- 9

**താക്കോൽവാക്യം: 1 പത്രോസ് 5:2–3**

**" നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻ കൂട്ടത്തെ മേയിച്ചുകൊള്ളുവിൻ......ആട്ടിൻ കൂട്ടത്തിനു മാതൃകകളായി തീർന്നുകൊണ്ടും അധ്യക്ഷത ചെയ്‌വിൻ"**

ആധുനിക ലോകത്തിൽ ജനങ്ങൾ ഒരുമിച്ച് ചേർന്ന് ക്ലബുകൾ,സഹകരണ സംഘങ്ങൾ,സംഘടനകൾ, കൂട്ടായ്മകൾ,എന്നിവ രൂപീകരിക്കാറുണ്ട്.ഒരേ താൽപര്യം ഉള്ളവർ ഒരുമിച്ചു ചേർന്നാണ് ഈ കാര്യങ്ങൾ ചെയ്യുന്നത്. അവർ ഒരുമിച്ചു കൂടുകയും വളരുകയും ചെയ്യുന്നതനുസരിച്ച് അവരുടെ താൽപര്യങ്ങളും മാറിക്കൊണ്ടിരിക്കും. അങ്ങനെ ഓരോ സംഘടനകൾ ആ സംഘടനയിലുള്ള വ്യക്തികളുടെ താൽപര്യം അനുസരിച്ചു നേതാക്കന്മാരെ തിരഞ്ഞെടുക്കുകയും അംഗീകരിക്കുകയും ചെയ്യും.

നേരത്തെ നാം കണ്ടതനുസരിച്ചു ഒരു സ്ഥലം സഭ എന്നത് മാനുഷികമായി രൂപീകരിക്കപ്പെട്ട ഒരു കൂട്ടായ്മയോ,സംഘടനയോ അല്ല. ഒരു സ്ഥലം സഭ "ദൈവത്തിന്റെ സഭയും" "ദൈവത്തിന്റെ മന്ദിരവും ആണ്".*(1 കൊരിന്ത്യർ 1 :2,3 :16)*

ഒരു സ്ഥലം സഭ എങ്ങിനെ ക്രമീകരിക്കപ്പെടണം എന്നുള്ള കാര്യം വചനത്തിൽ ദൈവം വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ കാര്യങ്ങൾ മനസ്സിലാക്കാൻ ഉള്ള ചില സത്യങ്ങൾ ഫിലിപ്പ്യ ലേഖനത്തിന്റെ ആദ്യത്തെ വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.വാക്യം ഇങ്ങനെ പറയുന്നു ***"യേശുക്രിസ്തുവിന്റെ ദാസന്മാരായ പൗലോസും തിമൊഥെയൊസും ഫിലിപ്പ്യയിൽ ക്രിസ്തുയേശുവിലുള്ള സകല വിശുദ്ധന്മാർക്കും അധ്യക്ഷന്മാർക്കും, ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നത്" (ഫിലിപ്പ്യർ 1 :1)***

ഇവിടെ മൂന്ന് കാര്യങ്ങൾ മനസിലാക്കേണ്ടതായിട്ടുണ്ട്.

1. "വിശുദ്ധന്മാർ" എന്ന പദം സഭയിലെ മുഴുവൻ അംഗങ്ങളെയും കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു. വിശ്വാസികൾ എല്ലാവരും ദൈവത്തിന്റെ വിശുദ്ധന്മാരാണ്.ഒന്നാം പാഠത്തിൽ കണ്ടതുപോലെ വിശുദ്ധനല്ലാത്ത ഒരു വ്യക്തി (രക്ഷിക്കപ്പെടാത്ത വ്യക്തി) സഭയുടെ യഥാർത്ഥ അംഗം അല്ല.
2. "വിശുദ്ധന്മാരിൽ "ചിലർ "അധ്യക്ഷന്മാർ" ആണ് (അതായതു "മേൽനോട്ടം" വഹിക്കുന്നവർ) സഭയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് വേദപുസ്തക സത്യങ്ങൾ പഠിപ്പിക്കുകയും നല്ല ബുദ്ധിയുപദേശം നൽകുകയും ചെയ്തുകൊണ്ട് മുഴുവൻ സഭയുടെയും നന്മയെ ലക്ഷ്യമാക്കികൊണ്ട് മേൽനോട്ടം വഹിക്കുന്ന ഇടയന്മാരാണ് അവർ.കേവലം അധികാരം നടത്തുക എന്നതിനേക്കാൾ എല്ലാവർക്കും മാതൃകയും, മാർഗ്ഗനിർദേശികളും ആയിരിക്കുക ഇവിടെ ഉദ്ദേശിക്കുന്നത്. താക്കോൽ വാക്യം വീണ്ടും ശ്രദ്ധിച്ചു വായിക്കുക.
3. "വിശുദ്ധന്മാരിൽ" ചിലർ "ശുശ്രൂഷകന്മാർ" ആകുന്ന മറ്റൊരു വാക്കിൽ അവർ "സേവകർ" ആണ്. ഒരു സ്ഥലം സഭയോടുള്ള ബന്ധത്തിൽ ശുശ്രൂഷ ചെയ്യുന്നവരെയാണ് ഈ വാക്കുകൊണ്ട് പുതിയ നിയമത്തിൽ അർത്ഥമാക്കുന്നത്. അധ്യക്ഷന്മാർ ആടുകളെ മേയ്ക്കുന്ന ശുശ്രൂഷ ചെയ്യുമ്പോൾ സ്ഥലം സഭയുടെ ഭൗതീകമായ കാര്യങ്ങളിൽ ആണ് ശുശ്രൂഷകന്മാർ കൂടുതൽ ശ്രദ്ധിക്കുന്നത്. ഒരു സ്ഥലം സഭയുടെ നിലനിൽപ്പിനു ശുശ്രൂഷകന്മാരുടെ ആവശ്യം വളരെ വിലപ്പെട്ടതാണ്.

ഒരു സ്ഥലം സഭ എങ്ങനെ നിയന്ത്രിക്കപ്പെടണം എന്നുള്ള കാര്യം ***ഫിലിപ്പ്യ ലേഖനം 1 :1 ൽ*** വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. വേദപുസ്തകത്തിന്റെ മറ്റു ഭാഗങ്ങളിലും ഈ ഉപദേശ സത്യങ്ങൾ വിശദീകരിച്ചിട്ടുള്ളത് നമുക്ക് നോക്കാം.

1. "അദ്ധ്യക്ഷൻ" (അല്ലെങ്കിൽ "മേൽവിചാരകൻ") മറ്റൊരു വാക്ക് "മൂപ്പൻ" എന്നാണ്.***(പ്രവൃത്തികൾ 20 :17. വായിക്കുക)*** "സഭയിലെ മൂപ്പന്മാർ" തന്നെ വന്നു കാണുവാനായി പൗലോസ് ക്ഷണിക്കുന്നുണ്ട്.28-ാം വാക്യത്തിൽ മൂപ്പന്മാരോട് ദൈവത്തിന്റെ സഭയെ മേയ്ക്കുവാൻ "പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി വെച്ചു ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊള്ളുവിൻ" എന്നു പറയുന്നുണ്ട്. ***തീത്തോസ് 1 :5,7*** വാക്യങ്ങളിൽ "മൂപ്പന്മാരും" "അദ്ധ്യക്ഷന്മാരും "അല്ലെങ്കിൽ "ഗൃഹവിചാരകന്മാർ" എന്നീ പദങ്ങൾ പരസ്പരം പൂരകങ്ങളായി ഉപയോഗിച്ചിട്ടുണ്ട്.
2. ഏതൊരു സഭയിലും ഒന്നിൽ കൂടുതൽ മൂപ്പന്മാരോ ഗൃഹവിചാരകന്മാരോ ഉണ്ടാകണം എന്നുള്ളതാണ് ദൈവത്തിന്റെ പദ്ധതി. ***പ്രവൃത്തികളുടെ പുസ്തകം 14 : 23 തീത്തോസ് 1 :5. വായിക്കുക.*** ഒരു സ്ഥലം സഭ നല്ല നിലയിൽ പരിപാലിക്കപ്പെടാൻ ആവശ്യമായ ഏറ്റവും നല്ല മാതൃകയാണ് ഇത്.

മൂപ്പന്മാർക്കും ശുശ്രൂഷകന്മാർക്കും ബൈബിൾ നിർദ്ദേശിക്കുന്ന ആത്മീയ യോഗ്യതകൾ വളരെ പ്രധാനപ്പെട്ടതാണ്. വളരെ നല്ല സ്വഭാവവും പെരുമാറ്റവും സഭ നയിക്കുന്ന വ്യക്തികൾക്ക് ഉണ്ടാകണം എന്നുള്ള കാര്യം വേദപുസ്തകം നിഷ്കർഷിക്കുന്നു. ആ യോഗ്യതകൾ ***1 തിമൊഥെയൊസ് 3*** ലും ***തീത്തോസി***ലും രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ധ്യക്ഷൻ അനിന്ദ്യൻ ആയിരിക്കണം. തന്നിഷ്ടക്കാരനും, കോപിയും, മദ്യപ്രിയനും, തല്ലുകാരനും, ദുർലാഭമോഹിയും അരുത്. ***(തീത്തോസ് 1 :7,8)*** ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ ആണ് നേതൃത്വ സ്ഥാനത്തു ഓരോ വ്യക്തിയെയും നിയോഗിക്കുന്നത്. അതുകൊണ്ടു തന്നെ വളരെ ശ്രദ്ധയോടെ ആ ശുശ്രൂഷ നിർവഹിക്കേണ്ടത് വളരെ ആവശ്യം ആണ്.

ക്രിസ്തുയേശുവിലുള്ള എല്ലാ വിശ്വാസികളെയും ഉൾപ്പെടുത്തി കൊണ്ടാണ് പുതിയ നിയമ സഭയുടെ ചിത്രം നാം കാണുന്നത്. എല്ലാ വിശ്വാസികളും ദൈവകുടുംബത്തിലെ അംഗങ്ങളാണ്.എല്ലാ അംഗങ്ങൾക്കും വ്യത്യസ്തമായ ശുശ്രൂഷകൾ ആണ് സഭയിൽ ഉള്ളത്. ആത്മീകരും പക്വതയും ഉള്ളവരായ മൂപ്പന്മാരും ശുശ്രൂഷകന്മാരും ചേർന്ന് സഭയെ പരിപാലിക്കേണ്ടതാണ്. മറ്റുള്ള സഭാംഗങ്ങൾ അവരിൽ നിന്നുള്ള കരുതലും മാതൃകയും ഉൾക്കൊണ്ട് മുൻപോട്ടു പോകണം.നേതൃത്വത്തെ ബഹുമാനിക്കുക എന്നുള്ളത് ഓരോ വിശ്വാസിയുടെയും കടമയാണ്. അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ ഓർക്കേണം. ***(1 തെസ്സലോനിക്യർ 5:13).*** നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ ***(എബ്രായർ 13 :17)*** നല്ല ഇടയന്മാർ എപ്പോഴും ആടുകളെ പച്ചയായ പുല്പുറങ്ങളിലേക്ക് നടത്തുന്നു.

# ന്യൂലൈഫ് പ്രവൃത്തി പരിചയം



**1** **ബൈബിൾ അടിസ്ഥാനത്തിലുള്ള സഭയും, മനുഷ്യ രൂപീകൃതമായ സംഘടനകളും തമ്മിലുള്ള വ്യത്യാസം എന്തൊക്കെയാണ് ?** 2

..........................................................................................

..........................................................................................

**2** ***ഫിലിപ്യർ 1 :1*ൽ ഫിലിപ്യ സഭയിലെ അംഗങ്ങളെ കുറിക്കുവാനായി മൂന്നു തരത്തിലുള്ള പദപ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഏതൊക്കെ പദങ്ങളാണ് താഴെ എഴുതിയിരിക്കുന്നവയ്ക്കു ഉപയോഗിച്ചിരിക്കുന്നത്.** 3

a. ചില പ്രത്യേക നിലയിൽ സഭയെ ശുശ്രൂഷിക്കുന്ന അംഗങ്ങൾ ..................

b. സഭയിലെ എല്ലാ അംഗങ്ങളും ..................

c. സഭയെ നയിക്കുന്ന വ്യക്തികൾ ..................

**3** **താക്കോൽ വാക്യത്തിൽ "ഇടയന്മാർ" നയിക്കുന്ന "ആട്ടിൻ കൂട്ടമായി" സഭയെ ചിത്രീകരിച്ചിട്ടുണ്ട്.** 4

a. ഇടയന്മാർക്ക് നൽകാവുന്ന മറ്റൊരു പേര് എന്താണ്. ..........................................

b. ഏതൊക്കെ വിധത്തിൽ ആണ് "ഇടയന്മാർ" ആട്ടിൻ കൂട്ടത്തിന് മാതൃകയാകേണ്ടത്.

..........................................................................................

c. *1 പത്രോസ് 5* ൽ ആരാണ് "ഇടയ ശ്രേഷ്ഠൻ" ? ..........................................

d. ഏതു വിധത്തിലാണ് ഇടയന്മാർക്ക് പ്രതിഫലം നൽകുന്നത് ? ..........................................

..........................................................................................

**4** **എഫേസോസിലുള്ള മൂപ്പന്മാരോടുള്ള പൗലോസിന്റെ വാക്കുകൾ വീണ്ടും വായിക്കുക (പ്രവൃത്തികൾ 20 :28)** 3

a. ഈ വാക്യത്തിൽ അവരുടെ ഉത്തരവാദിത്വം എന്താണെന്നാണ് പൗലോസ് പറയുന്നത് ?

..........................................................................................

b. '**ദൈവസഭ**' ദൈവത്തിന് വളരെ വിശേഷതയുള്ളതായിട്ടാണ് ഈ വാക്യം പറയുന്നത്. എന്താണ് ആ വിശേഷത ?

..........................................................................................

**5** **താഴെ പറയുന്നവയിൽ ഏതാണ് വേദപുസ്തക ഉപദേശത്തോട് യോജിക്കുന്നത് എന്ന് ടിക് ചെയ്യുക. ഇതിനു അനുയോജ്യമായ ഒരു ബൈബിൾ വാക്യവും എഴുതുക.** 2

a. സഭയുടെ മുഴുവൻ ഉത്തരവാദിത്വവും ഒരു വ്യക്തി ഏറ്റെടുക്കണം ☐

b. സഭയെ നയിക്കുവാനും ഉപദേശിക്കുവാനും ഒന്നിൽ കൂടുതൽ ആളുകൾ ഉണ്ടായിരിക്കേണം ☐

..........................................................................................

..........................................................................................

**6** ***1 തിമൊഥെയൊസ് 3 :1 - 7* വരെ വായിക്കുക.** 7

a. 4, 5വാക്യങ്ങളുടെ അർത്ഥം വ്യക്തമാക്കുക

..........................................................................................

..........................................................................................

b. ഒരു സ്ഥലം സഭയുടെ നേതൃത്വത്തിലുള്ള വ്യക്തിയുടെ 2 യോഗ്യതകൾ ഏതൊക്കെയാണ്. അവ വളരെ പ്രധാനപ്പെട്ടതാണെന്നുള്ളതിന് തെളിവുകൾ നൽകുക.

..........................................................................................

..........................................................................................

**7** **ഒരു സ്ഥലം സഭയിലെ അംഗങ്ങളായ യുവജനങ്ങൾക്ക്, ആ സഭയിലെ മൂപ്പന്മാരോടുള്ള മനോഭാവം എപ്രകാരം ആയിരിക്കണം എന്ന് വിവരിക്കുക (ഈ പാഠത്തിലെ അവസാനത്തെ ഭാഗം വായിക്കുക)** 4

..........................................................................................

..........................................................................................

..........................................................................................

..........................................................................................

25 ആകെ മാർക്ക്

# ന്യൂലൈഫ്
**ബൈബിൾ പഠന കോഴ്സ്**

# സഭ

**യൂണിറ്റ് B**

## പഠനം 3. സ്ഥലം സഭയുടെ പ്രവർത്തനങ്ങൾ സ്നാനം

പേര്.............................................

**വായനാഭാഗം: പ്രവൃത്തികൾ 2: 41 & 42, റോമർ 6: 1-14**

**താക്കോൽവാക്യം: റോമർ 6 :4**

***"അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികൾ ആയി തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റത് പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടുന്നത് തന്നെ."***

ക്രിസ്തുവിന്റെ അപ്പോസ്തലന്മാരുടെ കാലം മുതൽ പ്രാദേശിക സഭകൾക്ക് സഭയുടെ തലയായ ക്രിസ്തു നൽകിയ ഉപദേശങ്ങൾ സ്ഥലം സഭകൾ പാലിക്കുവാനായി ശ്രമിച്ചിട്ടുണ്ട്.ഈ നിയമോപദേശങ്ങൾ,സഭകൾ അനുസരിക്കേണ്ട ചട്ടങ്ങൾ ആകുന്നു. ഇവ കർത്താവിന്റെ കല്പനയാലുള്ള ചട്ടങ്ങൾ ആണ്.മാത്രമല്ല നിർബന്ധമായി അനുസരിക്കേണം എന്നത് കർത്താവിന്റെ കല്പനയാണ്.

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുൻപ് കർത്താവ് തന്റെ ശിഷ്യന്മാർക്ക് നൽകിയ പ്രധാന ***കല്പനയായ സ്നാനത്തെക്കുറിച്ചാണ്***ഈ പാഠത്തിൽ നാം ശ്രദ്ധിക്കുവാൻ പോകുന്നത്. "***സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" (മത്തായി 28 :18 19)***

ഈ പഠനത്തിന്റെ ആദ്യഭാഗങ്ങളിൽ കണ്ടതുപോലെ ആദിമസഭയുടെ ചരിത്രം കാണുന്നത് പ്രവൃത്തികളുടെ പുസ്തകത്തിലാണ്.നാം ആ ഭാഗങ്ങൾ വായിക്കുമ്പോൾ ആദിമക്രിസ്തീയ വിശ്വാസികൾ എല്ലാവരും സ്നാനം ഏറ്റിരുന്നു എന്ന് കാണുന്നു. ഉദാഹരണത്തിന് ***പ്രവൃത്തികൾ 2 :38 41*** വരെയുള്ള വാക്യങ്ങളിൽ അനേകായിരങ്ങളുടെ സ്നാനത്തെക്കുറിച്ചു നാം കാണുന്നു. ***8 :36 38*** വരെയുള്ള ഭാഗത്തു ഒരു വ്യക്തിയുടെ സ്നാനത്തെക്കുറിച്ചും, ***16 :15*** ഒരു കുടുംബത്തിന്റെ മുഴുവൻ സ്നാനത്തെക്കുറിച്ചും നമുക്ക് കാണുവാൻ സാധിക്കും.

പ്രവൃത്തികളുടെ പുസ്തകം വായിക്കുമ്പോൾ അനേക സത്യങ്ങൾ നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നു.

1. മാനസ്സാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ചവർ മാത്രമാണ് സ്നാനം ഏറ്റത്. ***പ്രവൃത്തികൾ 8 :36 -37, 16 :29 -34*** വായിക്കുക.ഈ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ സ്നാനം ഏൽക്കുന്നതിന് മുൻപായി ഓരോരുത്തരും പാപം വിട്ടുതിരിഞ്ഞു യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കണം.

2. അവർ എല്ലാവരും "യേശുക്രിസ്തുവിന്റെ നാമത്തിൽ" ആയിരുന്നു സ്നാനം ഏറ്റത്. ***(പ്രവൃത്തികൾ 2 :38,10 :48,19 :5)*** ഇത് അർത്ഥമാക്കുന്നത് വിശ്വാസികൾ യേശുക്രിസ്തുവിന്റെ കർതൃത്വം അവരുടെ ജീവിതത്തിൽ അംഗീകരിച്ചു എന്നതാണ്.

3. അവർ എല്ലാവരും വെള്ളത്തിൽ പൂർണ്ണമായി മുങ്ങിയായിരുന്നു സ്നാനം ഏറ്റത്.സ്നാനം എന്ന വാക്കിന്റെ അർത്ഥം തന്നെ "മുങ്ങുക" എന്നതാണ്. താക്കോൽ വാക്യം പറയുന്നതുപോലെ സ്നാനം എന്നത് ഒരു വ്യക്തി അടക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കുന്നതു പോലെയാണ്.ഈ അർത്ഥം വരണമെങ്കിൽ പൂർണ്ണമായും വെള്ളത്തിൽ മുങ്ങി സ്നാനപ്പെടണം.

4. പുരുഷന്മാരും സ്ത്രീകളും സ്നാനം ഏറ്റു. ***(പ്രവൃത്തികൾ 8 :12*** വായിക്കുക) ലിംഗ ഭേദമില്ലാതെ എല്ലാവരും രക്ഷിക്കപ്പെടുന്നതുപോലെ തന്നെ എല്ലാവരും വ്യക്തിപരമായി കർത്താവിനെ സ്നാനത്തിലൂടെ അനുസരിക്കണം.

ഒരു ആത്മീയ സത്യത്തിന്റെ ചിത്രമാണ് സ്നാനം. സ്നാനപ്പെടുന്നത് വിശുദ്ധ ജലത്തിലോ, സ്നാനപ്പെടുത്തുന്ന വ്യക്തിക്ക് എന്തെങ്കിലും പ്രത്യേക ശക്തിയോ ഇല്ല.സ്നാനപ്പെട്ടതുകൊണ്ടു ആരും ഒരു ക്രിസ്ത്യാനി ആയി തീരുന്നില്ല.സ്നാനത്തിലൂടെ ഒരു വ്യക്തി പ്രസ്താവിക്കുന്നത് യേശു എന്റെ കർത്താവ് ആകുന്നു എന്നും ഞാൻ ഇപ്പോൾ കർത്താവിന് ഉള്ള വ്യക്തി ആണെന്നും ആകുന്നു.

***റോമർ 6 : 1 - 14*** വരെയുള്ള വേദഭാഗം വായിച്ചാൽ സ്നാനത്തിലൂടെ ഒരു വ്യക്തി ചിത്രീകരിക്കുന്ന ആത്മീക സത്യങ്ങൾ മനസ്സിലാക്കുവാൻ കഴിയും. പൗലോസ് ഇവിടെ പറയുന്നതനുസരിച്ച് ഒരു വ്യക്തി ക്രിസ്തുവിലാണെന്ന് പറഞ്ഞാൽ അവൻ ക്രിസ്തുവിന്റെ മരണ,അടക്ക,പുനരുദ്ധാനത്തിൽ പങ്കാളിയായി തീർന്നു എന്നാണ്. യേശു മരിച്ചതുപോലെ ദൈവം നമ്മെ ഓരോരുത്തരേയും അവനിൽ മരിച്ചവരായി കാണുകയും,യേശു അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റത് പോലെ നമ്മെയും കണക്കാക്കുന്നു.നമ്മുടെ പാപ ജീവിതം തീർന്നു.മാത്രമല്ല.ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ ആയി കണക്കാക്കുന്നു.***(റോമർ 6 :11)***

ഈ പേജിന്റെ ഒടുവിലുള്ള ചിത്രം കാണുക. ഒരു ക്രിസ്ത്യാനി ജലത്തിൽ മുങ്ങി സ്നാനപ്പെടുമ്പോൾ അവൻ തന്റെ പഴയ ജീവിതത്തെ ക്രിസ്തുവിനോടു കൂടെ മരിച്ചു അടക്കപ്പെടുകയും. ക്രിസ്തുവിനൊപ്പം അവൻ വെള്ളത്തിൽ നിന്ന് പുറത്തുവരുമ്പോൾ, അവൻ ഒരു ക്രിസ്തു നിയന്ത്രിതമായ ജീവിതമാണ് ജീവിക്കാൻ പോകുന്നതെന്ന് പ്രഖ്യാപിക്കുകയാണ്.

ദൈവമക്കൾ എന്നനിലയിൽ നാം ദൈവത്തെ എല്ലാനിലയിലും അനുസരിക്കേണ്ടത് ആവശ്യമാണ്. താങ്കൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ യേശുവിനെ ജലത്തിൽ സാക്ഷീകരിച്ചിട്ടുണ്ടോ ?



**1 പ്രവൃത്തികളുടെ പുസ്തകം 2 :41 -42 വരെ വായിക്കുക.** 4

a. എത്ര പേരാണ് അന്ന് സ്നാനപെട്ടത് ? ........................................

b. 41-ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ സ്നാനം ഏൽക്കുന്നതിന് മുൻപ് അവർ ചെയ്തതെന്താണ്.?

........................................

c. 42-ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ സ്നാനമേറ്റതിനു ശേഷം അവർ എന്താണ് ചെയ്തത് ?

........................................

**2 സ്നാനം ക്രിസ്തീയ സഭയുടെ ഒരു ചട്ടമാണ്.** 3

a. ഒരു ചട്ടം എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ? ........................................

b. തന്റെ സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശുക്രിസ്തു തന്റെ അധികാരത്തെക്കുറിച്ച് എന്താണ് അവകാശപ്പെട്ടത് ?

........................................

**3 വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ താഴെ ഉള്ള ച്യോദ്യങ്ങൾക്ക് ഉത്തരം എഴുതുക :** 4

a. ആരാണ് സ്നാനപ്പെടേണ്ടത് ? ........................................

b. എങ്ങനെയാണ് സ്നാനപ്പെടേണ്ടത് ? ........................................

c. എന്തിനാണ് ഒരു വിശ്വാസി സ്നാനപ്പെടുന്നത് ? ........................................

d. *1 പത്രോസ് 3 :21* ന്റെ അടിസ്ഥാനത്തിൽ സ്നാനത്തെക്കുറിച്ച് പത്രോസ് എന്താണ് പറയുന്നത് ? ........................................

........................................

**4 താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു ച്യോദ്യത്തിനു ഉത്തരം എഴുതുക** 4

(i) ഒരു വ്യക്തി ജലത്തിൽ മുങ്ങി സ്നാനപ്പെടുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിവരിക്കുക.

(ii) ***പ്രവൃത്തികളുടെ പുസ്തകം 8 :35 - 39*** വരെയുള്ള വേദഭാഗം വായിക്കുക.എത്യോപ്യക്കാരന്റെ വാക്കുകൾ : "ഞാൻ സ്നാനമേല്കുന്നതിന് എന്ത് വിരോധം?". ഈ ചോദ്യത്തിന് ശേഷം എന്ത് സംഭവിച്ചു എന്ന് ചുരുക്കമായി നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

........................................

........................................

........................................

........................................

**5 ഒരു വലിയതും പ്രധാനപ്പെട്ടതും ആയ കാര്യത്തെക്കുറിക്കുവാനാണ് പ്രതീകങ്ങൾ ഉപയോഗിക്കുന്നത്. യേശുക്രിസ്തുവിന്റെ സ്നാനം പ്രതീകാല്മകമായി ചിത്രീകരിക്കുന്ന 3 സത്യങ്ങൾ എന്തെല്ലാം ?** 3

........................................

........................................

........................................

**6 വിശ്വാസികൾ യേശുക്രിസ്തുവിനോട് കൂടെ മരിച്ചു അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റതായി ആണ് ദൈവം കാണുന്നത്** ***(റോമർ 6)*** 3

a. ഈ ഉപദേശം ശരിയാണെന്ന് ഒരു വിശ്വാസി എങ്ങനെ തെളിയിക്കും.

........................................

b. ജീവന്റെ പുതുക്കത്തിൽ നടക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്

........................................

**7 ദൈവത്തെ അനുസരിക്കുക എന്നുള്ളത് ഒരു വിശ്വാസിയുടെ ആത്മീക വളർച്ചക്ക് ഏറ്റവും പ്രാധാന്യം ഉള്ള കാര്യം ആണ്.** 4

a. സ്നാനത്തോടൊപ്പം ഒരു വിശ്വാസി ദൈവത്തെ അനുസരിക്കുന്നു എന്നതിന് മറ്റൊരു തെളിവ് കൂടി രേഖപ്പെടുത്തുക.

........................................

........................................

b. *1 ശമുവേൽ 15 :22* എഴുതുക.

........................................

........................................

........................................

........................................

25

ആകെ മാർക്ക്

**ന്യൂലൈഫ്**
**ബൈബിൾ പഠന കോഴ്സ്**

**സഭ**

**യൂണിറ്റ് B**

## പഠനം 4. സ്ഥലം സഭയുടെ അനുഷ്ഠാനങ്ങൾ തിരുവത്താഴം

പേര്..............................................

**വായനാഭാഗം: 1 കൊരിന്ത്യർ 11 :17 34, മത്തായി 26 :26- 30**

**താക്കോൽവാക്യം: 1 കൊരിന്ത്യർ 11 :26**

**"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴെക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു"**



കർത്താവ് സഭയ്ക്ക് നൽകിയ രണ്ടാമത്തെ അനുഷ്ഠാനമാണ് കർതൃമേശ അല്ലെങ്കിൽ തിരുവത്താഴം (20 മത്തെ വാക്യം കാണുക). അപ്പം നുറുക്കൽ, കൂട്ടായ്മ എന്നീ പര്യായ പദങ്ങളും വേദപുസ്തകത്തിൽ ഈ സത്യത്തെക്കുറിച്ച് പറയുവാനായി ഉപയോഗിച്ചിട്ടുണ്ട്. ***(പ്രവൃത്തികൾ 2:42, 1 കൊരിന്ത്യർ 10 :16 കാണുക)***

യേശുക്രിസ്തുവിനെ ഒറ്റികൊടുക്കുകയും യേശു പിടിക്കപ്പെടുകയും ചെയ്ത രാത്രിയിൽ ആയിരുന്നു യേശു ഈ പ്രധാനപ്പെട്ട കല്പന ശിഷ്യന്മാർക്ക് ഏല്പിച്ചുകൊടുത്തത്.യഹൂദന്മാരുടെ പെസഹാ ആഘോഷിക്കുവാനായി യേശുവും ശുഷ്യന്മാരും ഒരു വലിയ മാളിക മുറിയിൽ കൂടിവന്നു. ആ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ യേശു അപ്പം എടുത്ത് ദൈവത്തിന് സ്തോത്രം ചെയ്തു ഇങ്ങനെ പറഞ്ഞു ***"ഇത് നിങ്ങൾക്കുള്ള എന്റെ ശരീരം എന്റെ ഓർമ്മക്കായി ഇത് ചെയ്യുവിൻ " (1 കൊരിന്ത്യർ 11 :24)***

അതിനു ശേഷം അവൻ പാനപാത്രം എടുത്തു ദൈവത്തിന് സ്തോത്രം ചെയ്തു.ഈ പാനപാത്രം കർത്താവിന്റെ മരണത്തെ ഓർമിപ്പിക്കുന്ന പുതിയനിയമത്തിന്റെ (പുതിയ ഉടമ്പടി) പ്രതീകമാണെന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞു. ഈ പാനപാത്രം കുടിക്കുമ്പോഴൊക്കെയും ***"കർത്താവിന്റെ വരവ് വരെ അവന്റെ മരണത്തെ പ്രസ്താവിക്കുന്നു"*** എന്ന കാര്യവും കർത്താവ് ശിഷ്യന്മാരെ പ്രബോധിപ്പിച്ചു. ***(1കൊരിന്ത്യർ 11 :26)***

സ്നേഹ സദ്യ എന്ന പൊതുവായ ഭക്ഷണ കൂട്ടായ്മയോടൊപ്പമായിരുന്നു ആദിമ സഭയിലെ വിശ്വാസികൾ "തിരുവത്താഴ ശുശ്രൂഷയും" ആചരിച്ചിരുന്നത്.എന്നാൽ ഈ സ്നേഹ സദ്യകൾ പലരും ദുരുപയോഗം ചെയ്യുകയും കേവലം തിന്ന് കുടിക്കുവാനായി പലരും കൂടി വരികയും ചെയ്തു. ഈ കാര്യങ്ങളെ പൗലോസ് വിമർശിക്കുന്നുണ്ട് *(20 - 22* വായിക്കുക) എന്നാൽ പിന്നീടുള്ള നാളുകളിൽ തിരുവത്താഴത്തിന്റെ പ്രാധാന്യം സൂക്ഷിക്കാനായി ഇങ്ങനെയുള്ള സ്നേഹ സദ്യകൾ ഒഴിവാക്കി.

സഭാ യുഗത്തിൽ ഏറ്റവും പ്രാധന്യം നൽകിയ 3 സത്യങ്ങൾ തിരുവത്താഴ ശുശ്രൂഷയോടുള്ള ബന്ധത്തിൽ നമുക്ക് കാണാം.

### 1. തിരുവത്താഴത്തിന്റെ ലാളിത്യം

എല്ലാവർക്കും എളുപ്പത്തിൽ ലഭിക്കുന്ന അപ്പവും വീഞ്ഞും ആണ് കർത്താവ് ഇവിടെ ഉപയോഗിച്ചത്.ഒരു തരത്തിലും ഉള്ള ആർഭാടപൂർണ്ണമായ ഒരു കാര്യവും കൽപ്പിക്കാതെ സാധാരണക്കാർക്ക് ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളാണ് നിർദ്ദേശിച്ചത്.

### 2. തിരുവത്താഴത്തിന്റെ പരിശുദ്ധി.

ഇത് കർതൃമേശ ആയതുകൊണ്ടുതന്നെ ഒരു തരത്തിലുമുള്ള അശുദ്ധമായ യാതൊന്നും കൂട്ടിച്ചേർക്കാതെ വളരെ വിശുദ്ധിയോട് കൂടി മാത്രമാണ് ഇത് ആചരിക്കേണ്ടത്.ഈ കാര്യം പൗലോസ് വളരെ ശക്തമായി 22-ാം വാക്യത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.***"തിന്നുവാനും കുടിക്കുവാനും നിങ്ങൾക്ക് വീടുകൾ ഇല്ലയോ?".*** എന്ന ചോദ്യത്തിൽ നിന്നും ഈ ശുശ്രൂഷയുടെ ഗൗരവം മനസ്സിലാക്കുവാൻ നമുക്ക് കഴിയും. അത്യാഗ്രഹങ്ങളും അമിത ഭക്ഷണവും ഒരിക്കലും കർതൃമേശയോടൊപ്പം ചേർന്നതല്ല. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ട് വേണം ഈ അപ്പം തിന്നുവാൻ എന്ന് പൗലോസ് ഓർമ്മിപ്പിക്കുന്നുണ്ട്. ***(വാക്യം 28)***

### 3. തിരുവത്താഴത്തിന്റെ പ്രാധാന്യം

അപ്പത്തിനും വീഞ്ഞിനും പ്രത്യേകിച്ച് രൂപ മാറ്റങ്ങൾ ഒന്നും സംഭവിക്കുന്നില്ല.അവ അതുപോലെ തന്നെ നിലനിക്കുന്നു. എന്നാൽ അപ്പം നമുക്ക് വേണ്ടിയിട്ട് നൽകപ്പെട്ട യേശുവിന്റെ ശരീരത്തെയും, പാനപാത്രം നമ്മുടെ പാപമോചനത്തിനായി ചൊരിയപ്പെട്ട തന്റെ രക്തത്തെയും പ്രതിനിധാനം ചെയ്യുന്നു ***(മത്തായി 26:28).*** തിരുവത്താഴം എല്ലാ ക്രിസ്ത്യാനികൾക്കും വളരെ വിശേഷതയേറിയ ഒന്നാണ്.കർതൃമേശ ആചരിക്കുമ്പോൾ അവന്റെ ശരീരവും രക്തവും നമ്മുടെ രക്ഷക്കായി എങ്ങിനെ നൽകപ്പെട്ടു എന്നുള്ള കാര്യം നാം സ്മരിക്കുന്നു. ***1 കൊരിന്ത്യർ 11 :26*** ൽ കാണുന്നതുപോലെ തിരിഞ്ഞ് കാൽവരിയിലേക്കും, ഭാവിയിൽ അവന്റെ വീണ്ടും വരവിനെ നോക്കി പാർക്കുവാനും നമുക്ക് സാധിക്കുന്നു.

സ്നാനവും കർതൃമേശയും വിശ്വാസികൾക്ക് വലിയ വെല്ലുവിളി നൽകുന്നു. ഒരുവൻ വിശ്വാസി ആയി തീർന്നാൽ കർത്താവിന്റെ മരണ അടക്ക പുനരുദ്ധാനത്തെ ചിത്രീകരിക്കുന്ന സ്നാനം ഏൽക്കുക മാത്രമല്ല ദൈവജനവുമായി ഒരുമിച്ച് കൂടിവന്ന് കർത്താവിന്റെ മരണത്തെ അവന്റെ വരവോളം ഓർക്കുന്ന കർതൃമേശയിൽ നിന്നും പങ്കെടുക്കേണ്ടതാണ്. ഈ രണ്ട് ശുശ്രൂഷയും നാം ചെയ്യുന്നത് കർത്താവിന്റെ നൽകപ്പെട്ട അധികാരത്തിൻ കീഴിലാണ്. അതുകൊണ്ട് തന്നെ നാം ഈ ശുശ്രൂഷകളെ ലാഘവത്തോടെ കാണാതെ അവനോടുള്ള സ്നേഹത്തിൽ പൂർണ്ണ അനുസരണത്തോടും എളിമയോടും കൂടെ ചെയ്യേണ്ടതാണ്.

# ന്യൂലൈഫ് പ്രവൃത്തി പരിചയം

## പഠനം 4. സ്ഥലം സഭയുടെ അനുഷ്ഠാനങ്ങൾ തിരുവത്താഴം

**1 താഴെയുള്ള വേദഭാഗങ്ങൾ ശ്രദ്ധിച്ചു നോക്കിയിട്ട്,ഓരോ ഭാഗത്തു കർത്താവിന്റെ ഓർമ്മക്കായുള്ള ഭക്ഷണത്തെക്കുറിക്കുവാനുള്ള പേരുകൾ എന്തൊക്കെയാണ് ?** 3

*1. പ്രവൃത്തികൾ 2 :42* ..............................

*2. 1 കൊരിന്ത്യർ 10 : 16* ..............................

*3. 1 കൊരിന്ത്യർ 11 :20* ..............................

**2 കർതൃമേശ ഏൽപ്പിച്ചു കൊടുത്തപ്പോൾ :** 5

a. കർത്താവ് ഉപയോഗിച്ച 2 വസ്തുക്കൾ എതൊക്കെ ആയിരുന്നു ? 1. .................. 2. ..................

b. ഈ വസ്തുക്കൾ ഓരോന്നുംഎന്തൊക്കെയാണ് പ്രതിനിധീകരിക്കുന്നത് ?..............................

..............................

c. വിശ്വാസികൾ തിന്നുകയും കുടിക്കുകയും ചെയ്യുന്നതിന്റെ ലക്ഷ്യം എന്താണെന്നാണ് കർത്താവ് നിർദ്ദേശിച്ചത് ?

..............................

**3 തിന്നുവാനും കുടിക്കുവാനും നിങ്ങൾക്ക് സ്വന്തം വീടുകൾ ഇല്ലയോ ? *(1 കൊരിന്ത്യർ 11 :22)* കൊരിന്ത്യയിലുള്ള വിശ്വാസികളോട് ഇങ്ങനെ പറയാനുള്ള കാരണം എന്തായിരുന്നു ?.** 3

..............................

..............................

**4 കർതൃമേശ എപ്പോൾ തുടങ്ങി എപ്പോൾ തീരും എന്നതിനെക്കുറിച്ച് വായന ഭാഗത്തു പൗലോസ് പറയുന്നുണ്ട്.** 4

a. *23* -ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ കർതൃമേശ തുടങ്ങിയത് എപ്പോഴാണ് ?.

..............................

b. *26* -ാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ കർതൃമേശ എപ്പോൾ വരെയാണ് ആചരിക്കേണ്ടത് ?.

..............................

**5 പ്രവൃത്തികൾ 20 :7 വായിക്കുക.** 3

a ആഴ്ചയുടെ ഏതു ദിവസമാണ് ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടിയത് ?. ..............................

b. എന്ത് ഉദ്ദേശത്തോടെയാണ് അവർ ഒന്നിച്ചുകൂടിയതു ?. ..............................

c. അവർ ഒരുമിച്ചു കൂടിയ ദിവസത്തിന്റെ പ്രത്യേക പ്രാധാന്യം എന്തായിരുന്നു ? ..............................

..............................

**6 താഴെ പറയുന്ന വാക്യങ്ങൾ ശരിയോ (✓)തെറ്റോ (✗)എഴുതുക.** 4

a. മരണം മുഖാന്തരം നമുക്കായി നൽകിയ യേശുക്രിസ്തുവിന്റെ ശരീരത്തെ ആണ് അപ്പം പ്രതിനിധാനം ചെയ്യുന്നത് ☐

b. അനേകരുടെ പാപമോചനത്തിനായി ഒഴുക്കപ്പെട്ട രക്തത്തെയാണ് പാനപാത്രം പ്രതിനിധാനം ചെയ്യുന്നത്. ☐

C. ആഴ്ചയുടെ അവസാന ദിവസമാണ് കർതൃമേശ ആചരിച്ചത്. ☐

d. ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസികൾക്ക് മാത്രമാണ് കർതൃമേശ നൽകിയത്. ☐

**7 തിരുവത്താഴത്തിൽ നിന്നും പങ്കെടുക്കുന്നതിന് മുൻപായി ഓരോ വിശ്വാസിയും തന്നെത്താൻ ശോധന ചെയ്യണം എന്ന് പൗലോസ് പറയാൻ കാരണം എന്തൊക്കെയാണ് *(1 കൊരിന്ത്യർ 11 :27 - 29)*** 3

..............................

..............................

..............................

..............................

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, www.besweb.com